"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-ശ്രീമതി. റെനി. എം. ജോർജ്ജ്, ശ്രീമതി. അനിത റാം, ശ്രീമതി. കെ. പി. രമണിയമ്മ എന്നിവർക്ക് വീട്ടു നിർമ്മാണത്തിനു ധനസഹായം നൽകുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.333/2022/LSGD തീയതി,തിരുവനന്തപുരം, 15-02-2022

---

പരാമർശം:-

1. അങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14/12/2021 തീയതിയിലെ കത്ത്.
2. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24/12/2021 തീയതിലെ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2021- തീയതിയിലെ 4.57 നമ്പർ തീരുമാനം.

**ഉത്തരവ്**

ലൈഫ് മൂന്നാം ഘട്ട ഭവനപദ്ധതിയായ ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിയിലേക്ക് റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിൽ നിന്നും 101 ഗുണഭോക്താക്കാൾ ഉൾപ്പെട്ടിരുന്നു. ഇവരിൽ അർഹതയുള്ള 36 പേരിൽ നിന്നും 24 പേർക്ക് സ്ഥലം വാങ്ങിനൽകി. ഇതിൽ ശ്രീമതി റെനി എം. ജോർജ്ജ് എന്നയാൾക്ക് 2019-20-ലും ശ്രീമതി. അനിത റാം, ശ്രീമതി. കെ. പി. രമണിയമ്മ എന്നിവർക്ക് 2020-21-ലും സ്ഥലം വാങ്ങി നൽകിയിരുന്നു. ലൈഫ് മൂന്നാം ഘട്ടത്തിലെ മാനദണ്ഡപ്രകാരം 31/12/2017 നു മുൻപ് റേഷൻ കാർഡുള്ളവർക്കാണ് ധനസഹായം ലഭിക്കുന്നത് എന്നാൽ ടി ഗുണഭോക്താക്കളുടെ റേഷൻ കാർഡ് 31/12/2017-നു ശേഷമുള്ളതാണ്. മാനദണ്ഡപ്രകാരം ധനസഹായത്തിന് അർഹതയില്ലാത്ത ടി ഗുണഭോക്താക്കൾക്ക് വീട്ടു നിർമ്മിക്കാൻ ആവശ്യമായ ധനസഹായം നൽകണമെന്ന് പരാമർശം (1&2) പ്രകാരം അങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റും പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറും അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം 11/01/2022 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. റെനി. എം. ജോർജ്ജ്, ശ്രീമതി. അനിത റാം, ശ്രീമതി. കെ. പി. രമണിയമ്മ എന്നിവർക്ക് സ്ഥലം വാങ്ങാൻ ധനസഹായം നൽകിയ സ്ഥിതിക്ക് വീട്ടു നിർമ്മാണത്തിനു കൂടി ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, അങ്ങാടി ഗ്രാമപഞ്ചായത്ത്.

ജില്ലാ പ്ലാനിംഗ് ഓഫീസർ,പത്തനംതിട്ട.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 21-02-2022 13:13:51**
സെക്ഷൻ ഓഫീസർ